പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 948 **14-10-2026-ൽ മറുപടിയ്ക്ക്**

പുനലൂർ മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പുനലൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പുനലൂർ നഗരസഭയ്ക്കും ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ളമെത്തിക്കുന്നതിന് നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ ഏതെല്ലാം പ്രദേശങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്നും വ്യക്തമാക്കാമോ;

മറുപടി: പുനലൂർ നഗരസഭയ്ക്കും വിവിധ ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.

(ബി) പുനലൂർ മണ്ഡലത്തിൽ നിലവിൽ ആരംഭിച്ചതും എന്നാൽ നിർമ്മാണം പൂർത്തിയാകാത്തതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

മറുപടി: പുനലൂർ മണ്ഡലത്തിൽ നിലവിൽ ആരംഭിച്ചതും എന്നാൽ നിർമ്മാണം പൂർത്തിയാകാത്തതുമായ കുടിവെള്ള പദ്ധതികൾ - പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി, ജൽ ജീവൻ മിഷൻ പദ്ധതി മുഖേന പുനലൂർ നിയോജക മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ എന്നിവ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.

(സി) പുനലൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

മറുപടി: ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ നിലവിലത്തെ സ്ഥിതി അനുബന്ധം 3-ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

പുനലൂർ നഗര സഭയ്ക്കും ഗ്രാമ പഞ്ചായത്തുകൾക്കും കുടിവെള്ള മെത്തിക്കുന്നതിനു വേണ്ടി നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

പദ്ധതി	പ്രദേശം
a) UWSS to പുനലൂർ (നിലവിലുള്ള പദ്ധതി)	പുനലൂർ നഗര സഭ
b) UWSS to Punalur	അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി പുനലൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി മാത്രമായി കുടിവെള്ളപദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 16 ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജലശുദ്ധീകരണശാല, 1 km ദൂരത്തിൽ നിലവിലുള്ള Raw Water pumping main പുനസ്ഥാപിക്കുന്ന പ്രവർത്തിയും ഉൾപെടുത്തി 25.46 കോടി രൂപയുടെ ഭരണാനുമതി GO. No. 568/2026/LSGD Dated 03.03.2026 പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രവർത്തിയുടെ സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .
WSS TO Ariyanalloor	ഏരൂർ പഞ്ചായത്ത്
RWSS TO Edamon-Ward 10 RWSS to Urukunnu-Ward 7,9 RWSS to Thenmala - Ward 3,4,5	തെന്മല പഞ്ചായത്ത്
Rwss TO Aryankavu 4, 5, 7, 9, 10	ആര്യങ്കാവ് പഞ്ചായത്ത്
RWSS to Achankovil- Ward 1, 2	അച്ചൻകോവിൽ പഞ്ചായത്ത്
JICCA Assisted Water Supply Scheme to meenadu and adjoining villages	കരവാളൂർ & അഞ്ചൽ പഞ്ചായത്ത്
RWSS to Kulathupuzha	കുളത്തുപുഴ പഞ്ചായത്ത്

അനുബന്ധം 2

പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ	JJM തുടങ്ങിയ ശേഷം നല്കിയ കണക്ഷൻ	നിലവിൽ മൊത്തം കണക്ഷൻ	ഭരണാനുമതി നല്കിയ കണക്ഷൻ	ഭരണാനുമതി തുക (ലക്ഷം)	ഇനി നാലകനുള്ള കണക്ഷൻ
Anchal	10168	565	8052	8617	9530	2372.33	1551
Arienkavu	3522	128	195	323	3328	3261.00	3199
Edamulakkal	11364	2187	5195	7382	8895	3841.17	3982
Eroor	8902	721	4812	5533	8086	7420.00	3369
Karavaloor	7118	543	4362	4905	6590	3953.31	2213
Kulathupuzha	9805	1353	5524	6877	8336	3846.40	2928
Thenmala	7200	507	678	1185	6644	4554.00	6015
Total	58079	6004	28818	34822	51409	29248.21	23257

ജൽ ജീവൻ മിഷൻ പദ്ധതി മുഖേന പുനലൂർ നിയോജക മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

ഇടമുളയ്ക്കൽ പഞ്ചായത്ത്

ഇടമുളയ്ക്കൽ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിക്ക് ₹ 3841.7 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 103 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കരവാളൂർ പഞ്ചായത്ത്

കരവാളൂർ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി മുഖേന 3953.31 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 110 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

തെന്മല പഞ്ചായത്ത്

തെന്മല പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിക്ക് ₹4,554 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും പുതിയ സ്രോതസ്സുകളായി 6 കുഴൽക്കിണറുകളും 4 കിണറുകളും നിർമ്മിച്ചിട്ടുണ്ട്. സ്രോതസ്സുകളുടെ അനുബന്ധ പ്രവൃത്തികൾ, കുടിവെള്ള പദ്ധതികളുടെ നവീകരണം, ജലസംഭരണികളുടെ സ്ഥാപനം, പ്രസരണ-വിതരണ ശൃംഖല സ്ഥാപിക്കൽ, കുടിവെള്ള കണക്ഷനുകൾ നൽകൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

ആര്യങ്കാവ് പഞ്ചായത്ത്

ആര്യങ്കാവ് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിക്ക് ₹3,261 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും പുതിയ സ്രോതസ്സുകളായി 2 കുഴൽക്കിണറുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. സ്രോതസ്സുകളുടെ അനുബന്ധ പ്രവൃത്തികൾ, പുതിയ സ്രോതസ്സുകളുടെ നിർമ്മാണം, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജലസംഭരണികളുടെ സ്ഥാപനം, പ്രസരണ-വിതരണ ശൃംഖല സ്ഥാപിക്കൽ, കുടിവെള്ള കണക്ഷനുകൾ നൽകൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

കുളത്തൂപ്പുഴ പഞ്ചായത്ത്

കുളത്തൂപ്പുഴ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിക്ക് ₹38.46 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 149.4 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും പുതിയ കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഉൽപാദനശേഷി പ്രതിദിനം 10.5 ദശലക്ഷത്തിൽ നിന്ന് 16.5 ദശലക്ഷമായി ഉയർത്തുന്നതിനായി 6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഉൾപ്പെട്ട പ്രവൃത്തി ടെൻഡർ ഘട്ടത്തിലാണ്. പദ്ധതി നടപ്പിലാക്കുന്നതിന് NJJM-ന്റെ അനുമതിയും ആവശ്യമാണ്.

ആയിരനല്ലൂർ കുടിവെള്ള പദ്ധതി

ആയിരനല്ലൂർ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഏരൂർ പഞ്ചായത്തിലെ ആയിരനല്ലൂർ വില്ലേജിനായി 3 പാക്കേജുകളിലായാണ് പ്രവൃത്തി നടപ്പിലായി വരുന്നത്.

1. ആയിരനല്ലൂർ വെല്ലിൽ നിന്ന് ഇളവറാംകുഴിയിലേക്ക് പമ്പിംഗ് മെയിൻ, ഇളവറാംകുഴിയിൽ നിന്ന് വിളക്കുപാറ മാർക്കറ്റ് ജംഗ്ഷനിലെ ഉപരിതല

ജലസംഭരണിയിലേക്ക് ഗ്രാവിറ്റി മെയിൻ, ഏത്തൂർ-ഇടമൺ റോഡിലും അനുബന്ധ റോഡുകളിലും വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ആകെ 37.45 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 11.33 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. ഏത്തൂർ – ഇടമൺ റോഡിന്റെ ഒരു ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 15/09/2026 മുതൽ അനുമതി ലഭിക്കുകയുണ്ടായി. ശേഷിക്കുന്ന ഭാഗം DLP പരിധി 2027 ജനുവരിയിൽ പൂർത്തിയാകുന്ന മുറയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിയും ലഭ്യമാകും.കരാറുകാരൻ നിര്യാതനായതിനെത്തുടർന്ന് പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. ഏത്തൂർ-ഇടമൺ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ 30.26% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2. ആയിരനല്ലൂർ പാലത്തിന് സമീപം കിണർ, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം, എളവറാംകുഴിയിൽ 5.5 LL ശേഷിയുള്ള ഉപരിതല സംഭരണി, സമ്പ് കം പമ്പ് ഹൗസ്, പ്രഷർ ഫിൽട്ടർ, എന്നിവയുടെ നിർമ്മാണവും അനുബന്ധ വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തി, ഈ പ്രവൃത്തിയിൽ ആയിരനല്ലൂർ പാലത്തിനു സമീപം കിണർ, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം, ഇളവറാംകുഴിയിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി, സമ്പ്, ട്രാൻസ്ഫോർമർ റൂം എന്നിവയുടെ നിർമ്മാണം, പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ, റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, 39.54 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപനം എന്നിവ ഉൾപ്പെടുന്നു. 39.54 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന പ്രവൃത്തിയിൽ 38.5 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കലും ജലസംഭരണി, സമ്പ്, പ്രഷർ ഫിൽട്ടർ, അനുബന്ധ പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. കിണർ, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണവും റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കലും പുരോഗമിക്കുന്നു. നിലവിൽ 77% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. വേനൽ കാലങ്ങളിൽ തടസ്സമില്ലാത്ത പമ്പിങ് ഉറപ്പു വരുത്തുന്നതിനായി ആയിരനല്ലൂർ കിണറിനു സമീപത്തായി ചെക്ക് ഡാം നിർമിക്കേണ്ടതുണ്ട്. ആയതു ജലസേചന വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പ്രവൃത്തിക്കായി 2.98 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിക്കുകയും അതിൻപ്രകാരം ഫണ്ട് ജലസേചന വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ 15% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

അമൃത് പദ്ധതി മുഖേന പുനലൂർ നിയോജക മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

അമൃത് 2.0– പുനലൂർ മുനിസിപ്പാലിറ്റിയുടെ കിഴക്കുള്ള വിവിധ വാർഡുകളിൽ ജലവിതരണത്തിനായി കലയനാട് പ്രദേശത്ത് OH ടാങ്കോടുകൂടിയ ബൂസ്റ്റിംഗ് പമ്പ് ക്രമീകരണത്തിന്റെ നിർമ്മാണം– കലയനാട് പ്രദേശത്ത് 60,000 ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 1800 മീറ്റർ പമ്പിംഗ് മെയിൻ, 43.49 കി.മീ. വിതരണ ശൃംഖല എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവർത്തിയിൽ 50 കുടിവെള്ള കണക്ഷൻ നാളിതുവരെ നൽകിയിട്ടുണ്ട്. പ്രവർത്തി നിലവിൽ പുരോഗമിച്ചു വരുന്നു.

അമൃത് 2.0– ഇമ്പോട് പദ്ധതിക്കായി പുതിയ OHSR–ന്റെ നിർമ്മാണം, നിലവിലുള്ള പമ്പ്സെറ്റ്, വിതരണ ലൈൻ എന്നിവ മാറ്റി സ്ഥാപിക്കൽ, പുതിയ വിതരണ ലൈനുകൾ, അനുബന്ധ പ്രവർത്തികൾ, പുതിയ കണക്ഷനുകൾ നൽകൽ എന്നീ പ്രവർത്തികൾ – 1500 മീറ്റർ പമ്പിംഗ് മെയിൻ, 6.4 കി.മീ. വിതരണ ശൃംഖല എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവർത്തിയിൽ 420 കുടിവെള്ള കണക്ഷൻ നാളിതുവരെ നൽകിയിട്ടുണ്ട്. പ്രവർത്തി നിലവിൽ പുരോഗമിച്ചു വരുന്നു.

അമൃത് 2.0 – പുനലൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ നവീകരണം, AC പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, 9 MLD ജലശുദ്ധീകരണശാലയുടെ നവീകരണം എന്നിവ ഉൾപ്പെടുന്ന പ്രവർത്തി – പ്ലാന്റിലെ മെക്കാനിക്കൽ പുനരുദ്ധാരണ പ്രവർത്തികളും PVC ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികളും നടന്നുകൊണ്ടിരിക്കുന്നു. പ്രവർത്തി നിലവിൽ പുരോഗമിച്ചു വരുന്നു.

Annexure 3

SL No	Grama Panchayath	Work Name	Work progress
1	Thenmala	JJM-(2021-22) -Providing FHTC to all house hold by open well comnstruction of OHSR- Replacement of old pipes and mace of pump house providing bore well , construction of pump house and valve chamber in variouse wards of Thenmala Panchayath	25% WORK COMPLETED
2	Aryankavu	JJM-(2021-22) -Providing FHTC to all house hold by open well comnstruction of OHSR- Replacement of old pipes and mace of pump house providing bore well , construction of pump house and valve chamber in variouse wards of Aryankavu Panchayath	15% WORK COMPLETED
3	Edamulakkal & Karavaloor	JJM - Providing FHTC in a Karavaloor & Edamulackal Gram Panchayats from existing scheme and extension during the period 2020-21	89% WORK COMPLETED
4	Edamulakkal	JJM - Additional estimate for Providing FHTC in EDAMULAKKAL Grama Panchayath From Existing Scheme and Extension during the period 2020-21	80% WORK COMPLETED
5	Karavaloor	JJM--Additional estimate for providing FHTC in Karavaloor grama pt from existing scheme and extension during the period of 2020-21	23% WORK COMPLETED
6	Thenmala	JJM-2O21-22 - Thenmala - Renovation of the existing non-functional scheme by providing pumping main, distribution lines and pump set at Mampazhathara and construction oc open well scheme at Nagamala in Thenmala Panchayath - Concent for laying pipeline through private property reg.	85% WORK COMPLETED
7	Eroor	Jal Jeevan Mission- Providing FHTCs in Eroor Grama Panchayath from existing scheme and extension	73.3% work completed
8	Eroor	Laying of the pumping main from Ayiranalloor well to Ilavaramkuzhi, and the gravity main from Ilavaramkuzhi to the overhead water tank at Vilakkupara Market Junction; installation of the distribution network along the Eroor - Edamon road and connecting roads	30% completed
9	Eroor	Jal Jeevan Mission -Yeroor Phase- I -Package -4 -Construction of Proposed well cum Pump house near Ayiranalloor bridge, Sump cum pump house, Pressure filter and 5.5 LL OHSR at Elavaramkuzhy and its associated distribution network	77 % completed